16/3/23


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **CP. 78*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5579**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജി.എൻ.രവീന്ദ്ര പണിക്കർ,
ഗോപാലപുരത്ത് വീട്,
തേക്കുതോട് പി.ഒ.,
പത്തനംതിട്ട ജില്ല, പിൻ – 689 699. — **പരാതി ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം.
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ)ഓഫീസ്, പത്തനംതിട്ട.
3. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ഓഫീസ് കോന്നി, പത്തനംതിട്ട.

— **എതിർകക്ഷികൾ**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജി.എൻ.രവീന്ദ്ര പണിക്കർ, 04.04.2022ന് സമർപ്പിച്ച പരാതി ഹർജി 07.04.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.78(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും

രണ്ടും മൂന്നും എതിർകക്ഷികളിൽ നിന്നും യാതൊരുവിധ മറുപടിയും ലഭിച്ചി ല്ലെന്നുമാണ്.

3. ഹർജിക്കാരൻ 03.01.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ യിൽ, തേക്കുതോട് സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളെക്കുറിച്ച് 09.04.2021ലെ കത്തിൽ വ്യക്തമാക്കിയിരുന്നുവെന്നും എന്നാൽ അതിന്മേൽ ടി ഓഫീസിൽ നിന്നും എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി നാളിതുവരെ അറിയാൻ കഴിഞ്ഞിട്ടില്ലെന്നും 09.04.2021ലെ കത്തിന്റെ അവസാന ഖണ്ഡികയിൽ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുമാണ് വായ്പ നൽകിയിട്ടുള്ളത് എന്ന അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നിരുന്നാലും വായ്പ തുകയും പലിശയും നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വായ്പ അനുവദിച്ചതിൽ ബാങ്ക് ക്രമവിരുദ്ധമായി പ്രവർത്തിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനാലും കുടിശ്ശികയായ വായ്പതുക ബാങ്കിൽ വരവ് വച്ച് വിവരം ടി ഓഫീസിൽ അറിയിക്കണമെന്ന് കർശന നിർദ്ദേശം ബാങ്കിന് നൽകിയിട്ടുള്ളതുമാണെന്നാണ് പറഞ്ഞിരുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് 3 വിവരങ്ങൾ നൽകണമെന്നാണ് ആവശ്യപ്പെട്ടത്.

ആയതിന് 12.01.2022ന് നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം പ്രസ്തുത അപേക്ഷ പത്തനംതിട്ട സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നാണ്.

4. രണ്ടാം എതിർകക്ഷി 09.05.2022ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് 12.01.2022ൽ ആവശ്യപ്പെട്ടതനുസരിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ആഫീസിൽ ലഭ്യമല്ലാത്തതിനാൽ ആയതിന് മറുപടി നൽകുന്നതിന് 27.01.2022 ലെ കത്തു പ്രകാരം കോന്നി അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസിലെ എസ്.പി ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ടി വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തുവെന്നാണ്. ആയതു പ്രകാരം ടി ഓഫീസിൽ നിന്നും 03.01.2022ന് മറുപടി ടിയാന് നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

കൂടാതെ നിലവിൽ തേക്ക്തോട് സർവ്വീസ് സഹകരണ ബാങ്കിലെ സീനിർ ക്ലാർക്ക് ശ്രീ.കെ.ജെ. ജയിംസിന്റെ ഭാര്യയും ടി ബാങ്കിലെ 2641-ാം നമ്പർ അംഗവുമായ ശ്രീമതി മിനി ജയിംസിന്റെ കോന്നി താലൂക്കിൽ തേക്കുതോട് മുറിയിൽ 114/256 നമ്പർ സർവ്വേയിൽ 20 ആർ വസ്തുവിന്മേൽ 5 അംഗങ്ങളുടെ പേരിൽ എടുത്ത 4,90,000/- രൂപയുടെ

വായ്പ പലിശ സഹിതം 22.04.2022ൽ അവസാനിപ്പിച്ചതായി ബാങ്ക് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി 04.05.2022ലെ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. ടി കത്തിന്റെ പകർപ്പും ബാങ്ക് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടും ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിച്ചുകൊള്ളുന്നുവെന്നുമാണ്.

5. 28.01.2023 തീയതി കമ്മീഷൻ തിരുവല്ല പി.ഡബ്ലിയു.ഡി.റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹീയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷികൾ ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പല ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ കോന്നി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസിൽ നിന്നും 03.02.2022ന് വിവരം നൽകിയതായി കാണുന്നതിനാൽ ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 മാർച്ച് 08-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/